## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1 26.02.2018-ലെ മറുപടിക്ക്

**<u>അഴിമതിമുക്തവും കാര്യക്ഷമവുമായ ഭരണസംവിധാനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അനൂപ് ജേക്കബ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | ഭരണസംവിധാനം അഴിമതിമുക്തവും, കാര്യക്ഷമവും ആക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) & (ബി) | അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവനം ചെയ്യുന്നത് . ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br>1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി<br>2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തു വരുന്നു<br>3. പ്രഗത്ഭരും പ്രാപ്തരുമായ പുതു തലമുറയെ പബ്ലിക് സർവ്വീസുകളിലേക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.<br>4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകും വിധം ഒരു പുതിയ പരിശീലന നയം രൂപീകരിച്ചു.<br>5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി |
| (ബി) | അഴിമതി കേസുകൾ സംബന്ധിച്ചുള്ള ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; പ്രസ്തുത നിലപാടുകൾക്ക് അനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു.<br>6. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു. |
| (സി) | മന്ത്രിമാർ പ്രതിസ്ഥാനത്തുള്ള അഴിമതി കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത കേസുകളുടെ നിലവിലുള്ള സ്ഥിതി എന്താണ്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മന്ത്രിമാർ പ്രതിസ്ഥാനത്തുള്ള ഒരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഈ മന്ത്രിസഭയിലെ മന്ത്രിമാരായിരുന്ന ശ്രീ.തോമസ് ചാണ്ടി, ശ്രീ.ഇ.പി.ജയരാജൻ എന്നിവർ രാജി വച്ചതിനു ശേഷം ഇവർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ.ഇ.പി.ജയരാജനെ തിരെയുള്ള FIR -ഉം തുടർനടപടികളും ബഹു. ഹൈക്കോടതി റദ്ദു ചെയ്തിട്ടുണ്ട്. |
| (ഡി) | ഭരണസംവിധാനം അഴിമതി മുക്തമാക്കുന്നതിൽ വിജിലൻസിന്റെ പങ്ക് എത്രമാത്രം സഹായകമായിരുന്നു; വിശദമാക്കുമോ? | (ഡി) | വിജിലൻസ് സംവിധാനം കർശനമായി നടപ്പിലാക്കിയതിന്റെ ഫലമായി നിരവധി അഴിമതി കേസുകൾ വെളിച്ചത്തു കൊണ്ടു വരുവാനും തുടർ നടപടി സ്വീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

Deep

സെക്ഷൻ ഓഫീസർ